കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ശ്രീ. കെ.മോഹനൻ,യു.ഡി.സി(എച്ച് ജി) കൊല്ലം നഗരസഭ – അച്ചടക്കനടപടി – അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 908/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 05/04/2013

പരാമർശം :
1. നഗരകാര്യ ഡയറക്ടറുടെ 07/09/2011 ലെ വി1/16120/06 നമ്പർ നടപടിക്രമം.
2. നഗരകാര്യ ഡയറക്ടറുടെ 28/04/2012 ലെ വി1-18950/11 നമ്പർ കത്ത്.
3. ശ്രീ. കെ.മോഹനന്റെ 22/11/2011 ലെ അപ്പീൽ അപേക്ഷ.

<u>ഉത്തരവ്</u>

കൊല്ലം നഗരസഭയിൽ യു.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീ.കെ.മോഹനനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ തടഞ്ഞതിനെതിരെ ടിയാൻ സർക്കാരിൽ പരാമർശം (1) പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു.

കൊല്ലം നഗരസഭയിൽ യു.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീ.കെ.മോഹനൻ റ്റി.പി. 2 സെക്ഷന്റെ ചുമതല വഹിച്ച് വരവേ 13/07/2006 ലെ ഡബ്ല്യൂ.പി.(സി) 14270/06 നമ്പർ കേസ്സിൽ ബഹു. ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ യഥാസമയം സമർപ്പിക്കാതിരിക്കുകയും ആയതിന്മേൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മോഹനൻ സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്ത് നിന്ന് ഗുരുതരമായ കൃത്യവിലോപവും, ഉത്തരവാദിത്വമില്ലായ്മയും, വീഴ്ചയും ഉണ്ടായതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞിട്ടുള്ളതെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

02/07/2012 ൽ ടിയാനെ സർക്കാർ പ്രതിനിധി നേരിൽ കേട്ടു. ടിയാന്റെ മൊഴിയിൽ നിന്നും കൊല്ലം കോർപ്പറേഷനിലെ ടി.പി 24022/06, ടിപി2/ബിആർസി/286/05-06 സർക്കാർ ഫയൽ നമ്പർ 30664/ഇ3/06/തസ്വഭവ എന്നിവയുടെ പരിശോധനയിൽ നിന്നും ഫയൽ സമർപ്പിക്കുന്നതിന് 25 ദിവസത്തെ കാലതാമസമാണ് ഉണ്ടായിട്ടുള്ളതായി കാണുന്നത്. ഇക്കാര്യത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് അയക്കുന്നതിന് കാലതാമസം ഉണ്ടായി എന്നല്ലാതെ മറ്റു പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. കെ.മോഹനന്റെ അപ്പീൽ അപേക്ഷ പരിഗണന അർഹിക്കുന്നു. ശ്രീ.കെ.മോഹനന് നഗരകാര്യ ഡയറക്ടർ അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ സഞ്ചിത ഫലത്തോടെ അല്ലാതെ ഇൻക്രിമെന്റ് തടയൽ റദ്ദാക്കി ടിയാന് പകരം സെൻഷ്വർ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. കെ.മോഹനൻ,യു.ഡി.സി(എച്ച് ജി) കൊല്ലം നഗരസഭ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**